(ഡി) ഇത് സംബന്ധിച്ച് എന്ത് നടപടി എടുക്കാനാണ് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത് ;

(ഇ) ഇതിന്മേൽ കെ. എസ്. ഇ. ബി. ഫുൾ ബോർഡ് തീരുമാനം എന്താണെന്ന് വ്യക്തമാക്കുമോ ;

(എഫ്) ഈ കാര്യത്തിൽ ഹൈക്കോടതിയിൽ കേസ് നിലവിലുണ്ടോ ;

(ജി) ഈ കേസിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് അറിയിക്കുമോ ;

(എച്ച്) അധികമായി നൽകിയിട്ടുള്ള ശമ്പളം തിരിച്ചുപിടിക്കാനുള്ള സർക്കാർ ഉത്തരവ് റദ്ദ് ചെയ്യാനുദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ&ബി) 1997 മാർച്ചിൽ അവസാനിക്കുന്ന സാമ്പത്തിക വർഷത്തെ കൺട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ടിൽ കെ. എസ്. ഇ. ബി. യിലെ പേ ഫിക്സേഷനിൽ അപാകതയുള്ളതായി പരാമർശിച്ചിട്ടുണ്ട്. തെറ്റായ ഫിക്സേഷൻ, ഇൻക്രിമെന്റ് അനുവദിക്കൽ തുടങ്ങിയവമൂലം അധികം ആനുകൂല്യം അനുവദിച്ചതായി പരാമർശമുണ്ട്.

(സി) ഓഡിറ്റ് റിപ്പോർട്ടിൻപ്രകാരം പരിശോധന നടത്തിയ കേസുകളിൽ 4.2 കോടി രൂപ അടിസ്ഥാന ശമ്പളമിനത്തിൽ അധികം നൽകിയതായി പരാമർശിക്കുന്നു.

(ഡി) ബോർഡ് ജീവനക്കാർ തെറ്റായ പേ ഫിക്സേഷൻ ഇൻക്രിമെന്റ് അനുവദിക്കൽ തുടങ്ങിയവമൂലം അധിക ആനുകൂല്യം പറ്റിയിട്ടുണ്ടെങ്കിൽ തിരിച്ചു പിടിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

(ഇ) ശമ്പള പരിഷ്ക്കരണത്തിൽ അപാകത ഉണ്ടെന്ന ആക്ഷേപം ബോർഡ് യോഗം പരിശോധിച്ചു. ഇക്കാര്യത്തിൽ കൂടുതൽ വിവരം ബോർഡ് ശേഖരിച്ചു വരുന്നു.

(എഫ്) ഉണ്ട്.

(ജി) അന്തിമ തീരുമാനമൊന്നും ആയിട്ടില്ല.

(എച്ച്) ഇല്ല.

ലോക്കൗട്ട് ചെയ്യപ്പെടുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികളെ സഹായിക്കാൻ പദ്ധതി

24 (*354) ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. എ. കണാരൻ :
ശ്രീ. എളമരം കരീം :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് ലോക്കൗട്ട് ചെയ്യപ്പെടുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികളെ സഹായിക്കാൻ എന്തെങ്കിലും പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ ലോക്കൗട്ട് ചെയ്യപ്പെട്ട ഏതൊക്കെ വ്യവസായ സ്ഥാപനങ്ങളിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) ഇത്തരം സ്ഥാപനങ്ങളിലെ തൊഴിലാളികളെ സഹായിക്കാനുള്ള പദ്ധതിയുടെ സവിശേഷതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ഡി) പദ്ധതിയുടെ നടത്തിപ്പിനായി കഴിഞ്ഞ ബജറ്റിൽ എന്തു തുക വകയിരുത്തിയിരുന്നു എന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഈ ആവശ്യത്തിന് വ്യവസായസ്ഥാപനങ്ങളുടെ വിഹിതം സമാഹരിക്കാൻ നിശ്ചയിച്ചിരുന്നോ ; എങ്കിൽ എന്തു തുക സമാഹരിച്ചെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) ഈ സർക്കാർ അധികാരമേറ്റതിനുശേഷം സംസ്ഥാനത്തെ തൊഴിൽമേഖല സമാധാനപരമായിരുന്നുവെന്ന് കരുതുന്നുണ്ടോ ;

(ജി) ഇതിനുവേണ്ടി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) ലോക്കൗട്ട് ചെയ്യപ്പെടുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികളെ സഹായിക്കാൻ വേണ്ടി പ്രതിമാസം ഒരു നിശ്ചിത തുക ആശ്വാസധനമായി നൽകുന്നതിനുള്ള പദ്ധതിയുടെ കരടുരൂപം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(ബി) ഈ പദ്ധതിയുടെ അന്തിമ രൂപരേഖ പരിശോധിച്ചുവരുന്നതേയുള്ളൂ.

(സി) ലോക്കൗട്ട് ചെയ്യപ്പെടുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് 250 രൂപ എങ്കിലും പ്രതിമാസം സഹായധനമായി നൽകുവാനുള്ള ഒരു പദ്ധതിയാണ് സർക്കാരിന്റെ പരിഗണനയിലുള്ളത്. 6 മാസത്തിലധികമായി പൂട്ടി കിടക്കുന്നതും വ്യവസായ തർക്ക നിയമപ്രകാരം ലേബർ കോടതിയിലോ വ്യവസായ ട്രൈബ്യൂണലിലോ റഫർ ചെയ്യപ്പെട്ട കേസുകളിൽ ഉൾപ്പെട്ടതുമായ തൊഴിലാളിക്കായിരിക്കും ഇതിന്റെ പ്രയോജനം കൂടുതലും ലഭിക്കുന്നത്.

(ഡി) തുകയൊന്നും വകയിരുത്തിയിട്ടില്ല.

(ഇ) പദ്ധതി സർക്കാരിന്റെ പരിഗണനയിൽ ഇരിക്കുന്നതേയുള്ളൂ.

(എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ തൊഴിൽ മേഖല പൂർണമായും സമാധാനപരമായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ജി) സംസ്ഥാനത്തെ തൊഴിൽ മേഖലയിൽ സമാധാനപരമായ അന്തരീക്ഷം നടപ്പാക്കുന്നതിന് തൊഴിൽ വകുപ്പിൽ വിവിധതലത്തിൽ അനുരഞ്ജന ഉദ്യോഗസ്ഥൻമാരുണ്ട്. ഇവർ തൊഴിൽ തർക്കങ്ങൾ പരിഹരിക്കുന്നതിന് അനുരഞ്ജന സമ്മേളനങ്ങൾ വിളിച്ചുകൂട്ടി തൊഴിൽ തർക്കങ്ങൾ രമ്യമായി പരിഹരിക്കുവാൻ ശ്രമിക്കുന്നു. പരിഹരിക്കാൻ പറ്റാതെ വരുന്ന തർക്കങ്ങൾ തൊഴിൽ കോടതികളുടെ തീർപ്പിന് വിടുന്നു. വ്യാവസ്യായികാടിസ്ഥാനത്തിൽ ഉണ്ടാകുന്ന തൊഴിൽ തർക്കങ്ങൾ പരിഹരിക്കാൻ തോട്ടം വ്യവസായം, ടെക്സ്റ്റൈൽസ്, കയർ, കശുവണ്ടി, ബീഡി-സിഗാർ, കള്ളുചെത്ത്, കുട്ടനാട്-പാലക്കാട് കാർഷിക മേഖല, മദ്യ വ്യവസായം, ലോറി വ്യവസായം, ടിംബർ, പ്ലൈവുഡ്, പൊതുവിതരണം, ഇ. എസ്. ഐ. തുടങ്ങിയ തൊഴിൽ മേഖലകളിൽ തൊഴിലാളി-മുതലാളി പ്രതിനിധികളടങ്ങുന്ന വ്യവസായ ബന്ധ സമിതികളും ലേബർ കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ പ്രവർത്തിച്ചുവരുന്നു.

'ഗഹാൻ' സമ്പ്രദായം

25 (*355) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'ഗഹാൻ' സമ്പ്രദായം എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതിക്ക് രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ ;

(സി) 'ഗഹാൻ' സമ്പ്രദായം സഹകരണ നിയമത്തിന്റെ ഭാഗമാക്കുവാൻ ആലോചിക്കുന്നുണ്ടോ ;

(ഡി) എങ്കിൽ അതുകൊണ്ടുള്ള നേട്ടം വിശദീകരിക്കുമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) വായ്പ എന്ന നിലയിൽ മുൻകൂർ നൽകിയ/നൽകേണ്ട പണയത്തിന്റെ ഉറപ്പിലേയ്ക്കായി കടം വാങ്ങുന്നവർ പ്രാഥമിക കാർഷികവികസന ബാങ്കിന്റെ പേർക്ക്, രേഖാമൂലമുള്ള ഒരു പ്രഖ്യാപനം വഴി സ്ഥാവരമോ ജംഗമമോ ആയ വസ്തുക്കളിൽ ഏർപ്പെടുത്തുന്നതും നിയമാനുസൃതമായ ഒരു പണയത്തിന്റെ എല്ലാ സ്വഭാവങ്ങളും ഉള്ളതുമായ ഒരു പ്രത്യേക ചാർജ്ജ് ആണ് ഗഹാൻ.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും സ്വത്ത് പണയത്തിന്മേൽ വായ്പ എടുക്കുമ്പോൾ പണയാധാരം സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്യുന്നതിലുണ്ടാകുന്ന കാലതാമസവും ബുദ്ധിമുട്ടും ഗഹാൻമൂലം ഒഴിവായിക്കിട്ടും എന്നതിനാൽ വായ്പ പെട്ടെന്നു ലഭിക്കും. കൂടാതെ വായ്പ അടച്ചുതീർക്കുമ്പോൾ പണയവസ്തു റിലീസ് ചെയ്യുന്നതിനുള്ള കാലതാമസവും മാറിക്കിട്ടും.

LIBRARY ARCHIVES Kerala Legislative Assembly